ചെയ്തിട്ടുണ്ട്. സക്സസ് ഫീസ് അടിസ്ഥാനത്തിൽ മറുനാടൻ ഏജൻസികളെക്കൊണ്ട് വിദേശ മൂലധന നിക്ഷേപം ആകർഷിക്കുന്നതിനുള്ള സാദ്ധ്യതയും ആരായുന്നുണ്ട്. വിദേശ നിക്ഷേപകരെയും കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് ആഗോള നിക്ഷേപക സമ്മേളനം, സമവായം, കേരള ട്രാവൽ മാർട്ട് എന്നിവ സംഘടിപ്പിച്ചത്. കൂടാതെ കേരളത്തിലെ വൻകിട പദ്ധതികളിലേക്ക് നിക്ഷേപ താൽപര്യപ്രകടനം ക്ഷണിച്ചു കൊണ്ട് വിദേശത്ത് പരസ്യങ്ങളും നടത്താറുണ്ട്.

(ബി) വ്യവസായ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥ സംഘം നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ജർമ്മനിയിലെ ബി. എം. ഡബ്ലിയു. ഗ്രൂപ്പ് കൊച്ചിയിൽ നിക്ഷേപം നടത്തുന്ന കാര്യം പരിഗണിച്ചുവരുന്നു. കെ. എസ്. ഐ. ഡി. സി.-യുമായി ബന്ധപ്പെട്ട് ആശയവിനിമയം നടത്തിയിട്ടുള്ള പ്രമുഖരുടെ രാജ്യാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള താല്പര്യപത്രം

*5 [95] ശ്രീ. എ. സുജനപാൽ:
,, കെ. എ. ചന്ദ്രൻ:
,, കെ. മോഹൻകുമാർ:
,, വി. ജെ. പൗലോസ്:
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള താല്പര്യപത്രം ക്ഷണിച്ചിരുന്നുവോ; എങ്കിൽ ഏതെല്ലാം തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള താല്പര്യപത്രങ്ങളാണ് ക്ഷണിച്ചിരുന്നത്;

(ബി) ഏതെല്ലാം തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള താല്പര്യപത്രം ലഭിച്ചു;

(സി) ആരെല്ലാമാണ് ഈ താൽപര്യപത്രങ്ങൾ നൽകിയതെന്ന് വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ക്ഷണിച്ചിരുന്നു. ആലപ്പുഴ, തങ്കശ്ശേരി, അഴീക്കൽ, വിഴിഞ്ഞം എന്നീ തുറമുഖങ്ങൾക്കാണ് ക്ഷണിച്ചിരുന്നത്.

(ബി) ആലപ്പുഴ, അഴീക്കൽ, വിഴിഞ്ഞം എന്നീ തുറമുഖങ്ങൾക്ക് പത്രപരസ്യം വഴിയും ബേപ്പൂർ തുറമുഖത്തിന് ജിം മുഖേനയും വികസനത്തിനുള്ള താല്പര്യപത്രം ലഭിച്ചിട്ടുണ്ട്.

---

† അനുബന്ധം I കാണുക

LIBRARY ARCHIVES Kerala Legislative Assembly

(സി) മുംബൈയിലെ ഇ. ഇ. സി. ഒ. എൻവയൺമെന്റ് ആന്റ് കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ തുറമുഖത്തിനുവേണ്ടിയും, ഷാർജ (യു. എ. ഇ.) യിലെ യൂണിവേഴ്സൽ പെട്രോളിയം കമ്പനി, അഴീക്കൽ തുറമുഖത്തിനു വേണ്ടിയും താഴെ പറയുന്ന 6 കമ്പനികൾ വിഴിഞ്ഞം തുറമുഖത്തിനുവേണ്ടിയും താൽപര്യപത്ര ങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

1. പോർട്ട് കൺസോർഷ്യം ഇന്റർനാഷണൽ, സൗത്ത് ആഫ്രിക്ക.
2. ബെക്കറ്റ് റാങ്കെൻ, പാർട്ട്ണർഷിപ്പ്, മുംബൈ.
3. എൽ. ആന്റ് റ്റി. (ഇ. സി. സി.) ഡിവിഷൻ, ചെന്നൈ
4. ഐ. എൽ. ആന്റ് എഫ്. എസ്./ഹിലി കമ്പനി, മുബൈ
5. ഗാമൺ ഇൻഡ്യ, മുംബൈ
6. ആഫ് കോൺസ്, മുംബൈ

ഇതിനുപുറമേ ബേപ്പൂർ തുറമുഖത്തിനുവേണ്ടി കോഴിക്കോട്ടുള്ള പാരിസൺസ് ഗ്രൂപ്പ് (ജിം മുഖേന) താല്പര്യ പത്രം നൽകിയിട്ടുണ്ട്.

ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കു ക്ഷേമപ്രവർത്തനങ്ങൾ

*6 [96] ശ്രീ. എം. കുമാരൻ:
,, എൻ. രാജൻ:
,, പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ പുരോഗതിക്കും സഹായത്തിനുമായി സർക്കാർ തലത്തിൽ എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നുണ്ട്;

(ബി) ദരിദ്രരും അനാഥരുമായ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് സുരക്ഷിത മായി ജീവിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം സൗകര്യങ്ങളുണ്ട്; എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു;

(സി) അസോസിയേഷൻ ഓഫ് പേരന്റ്സ് ഓഫ് ദി റിട്ടാർഡഡ് എന്ന സംഘടന നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സംഘടനയ്ക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സംഘടന തിരുവനന്തപുരത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആജീവനാന്ത പുനരധിവാസ കേന്ദ്രം ഏറ്റെടുത്ത് ആവശ്യമായ സഹായങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly